പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 360 30.11.2015 ൽ മറുപടിക്ക്

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാഹനാപകടതോത് കുറയ്ക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാധ്യത ഉപയോഗിച്ച് റോഡ് സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടിപ്പർ ലോറി/ചരക്കു വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.<br>രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാലത്ത് |

വാഹനമോടിക്കുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലഘു ലേഖകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ റോഡ് റെഗുലേഷൻസ് സംബന്ധിച്ച ലഘു ലേഖകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു. നാറ്റ്പാക്ക് തയ്യാറാക്കിയ “സ്കൂളിലേക്കുള്ള സുരക്ഷിത പാത” എന്ന പുസ്തകത്തിന്റെയും, “അധ്യാപക പഠന സഹായി” എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ് മലയാളം പതിപ്പുകൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തുവരുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റോഡ് സുരക്ഷയെ

സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളിയാക്കുവാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ-കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ കർശന വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ മദ്യപിച്ച് വാഹനം ഓടിക്കൽ അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി പ്രസ്തുത വകുപ്പുകൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. കൂടാതെ അപകടസാദ്ധ്യത കൂടുതലുള്ള ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ പൊതുമരാമത്തു വകുപ്പ് വഴി സ്വീകരിച്ചു വരുന്നു. ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകിവരുന്നു. പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സ്കൂളുകൾക്കു സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ സ്കൂൾ സേഫ്സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് വകുപ്പു വഴി

| | | |
|---|---|---|
| | | പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് 'നിൽക്കു, നോക്കു, നീങ്ങൂ" എന്ന സൈൻബോർഡ് സ്ഥാപിക്കുവാനും, ആരോഗ്യവകുപ്പ് വഴി ട്രോമോകെയർ ശക്തിപ്പെടുത്തുവാനും, പൊതുമരാമത്ത് വകുപ്പ് വഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ